**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- "ടേക്ക് എ ബ്രേക്ക്" ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികൾ 2021-22 വർഷം പൂർത്തീകരിക്കേണ്ടതുള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ. പ്രോജക്ടുകളാക്കി മാറ്റിയോ "ടേക്ക് എ ബ്രേക്ക്" പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2314/2021/LSGD തീയതി,തിരുവനന്തപുരം, 18/11/2021

---

പരാമർശം:-

1. 20.02.2020 ലെ സ.ഉ (സാധാ) നം.39/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.10.2021-ലെ 172/A/2020/SM നമ്പർ കത്ത്.

**ഉത്തരവ്**

"ടേക് എ ബ്രേക്ക്" പദ്ധതിക്കു കീഴിൽ പൊതു ശൗചാലയ നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പരാമർശം (1) പ്രകാരം നടപ്പാക്കിവരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് മൊത്തം 1842 high quality toilet കൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 519 എണ്ണം നിർവ്വഹണ ഘട്ടത്തിലും 312 എണ്ണം പൂർത്തിയായിട്ടുമുണ്ട്. 457 ശൗചാലയങ്ങളുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ പ്രോജക്ട് ഏറ്റെടുക്കേണ്ടതുണ്ട് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നേടുന്നതിന് ചില ജില്ലകളിൽ കാലതാമസം നേരിടുന്നത് പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി തദ്ദേശസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ "ടേക്ക് എ ബ്രേക്ക്" ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികൾ 2021-22 വർഷം പൂർത്തീകരിക്കേണ്ടതുണ്ടെന്നും ഈ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ. പ്രോജക്ടുകളാക്കി മാറ്റിയോ "ടേക്ക് എ ബ്രേക്ക്" പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, "ടേക്ക് എ ബ്രേക്ക്" ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികൾ 2021-22 വർഷം

പൂർത്തീകരിക്കേണ്ടതുള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ. പ്രോജക്ടുകളാക്കി മാറ്റിയോ "ടേക്ക് എ ബ്രേക്ക്" പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, തിരുവനന്തപുരം.
ഹരിതകേരളം മിഷൻ ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പഞ്ചായത്ത്ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ , തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്